ശ്രീ. കെ. കെ. അബു: സർ, ആയുർവേദത്തിന് അംഗീകാരമുണ്ട് എന്നുള്ള കാര്യം സമ്മതിക്കുന്നു. ദശമൂലാരിഷ്ടം 10 വൈദ്യശാലകളിൽ നിന്നു വാങ്ങിയാൽ 10 വിധത്തിലായിരിക്കും. അതിന് ഒരു ഏകീകൃത രൂപം നൽകാനുള്ള ശ്രമങ്ങൾ നടത്താൻ തയ്യാറുണ്ടോ?

ശ്രീ. സി. പി. ബാലൻ വൈദ്യർ: ഇന്ന് പലരും പലതരത്തിലുള്ള കൃത്രിമങ്ങൾ നടത്തുന്നുണ്ട്. ചില ആളുകൾ നടത്തുന്ന കൃത്രിമങ്ങളുടെ ഭാഗമായി ആയുർവേദ മരുന്നുകളെപ്പറ്റി തെറ്റായ പ്രചാരവേല നടത്തി ആയുർവേദത്തിന്റെ പ്രാധാന്യം നശിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ എട്ടു കൊല്ലമായി ഞാൻ ഒരു ബില്ലുമായി നിൽക്കുകയാണ്. ഒരു നിലയിലും ഈ ബില്ലിനു മോക്ഷം കിട്ടുന്നില്ല. 9-ാം നിയമസഭയുടെ ഈ സമ്മേളനത്തോടുകൂടി ഞാൻ നേരത്തെ അവതരിപ്പിച്ച ബില്ലും ഈ ബില്ലും അതിനെ യാത്ര അയയ്ക്കാൻ വേണ്ടി പോകുകയാണ്. അത്തരത്തിലുള്ള ഒരു സ്ഥിതി ഇത്തരം ബില്ലുകൾക്ക് ഉണ്ടാകാതിരിക്കാൻ കഴിയട്ടെ. ആയുർവേദത്തിന്റെ തനിമ നിലനിർത്താൻ അങ്ങു പ്രകടിപ്പിച്ച വികാരം കണക്കിലെടുത്ത് വരുന്ന ഗവൺമെന്റും ആ തരത്തിലൊരു കാഴ്ചപ്പാട് സ്വീകരിക്കാനിടവരുത്തണമേ എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ബില്ല് നിലനിർത്താനാവശ്യമായ സഹായം അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(12) 1991-ലെ കേരള ഹോട്ടൽ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. എം. മുരളി നോട്ടീസ് നൽകിയത്) ചർച്ച തുടർച്ച

ശ്രീ. എം. മുരളി: നമ്മുടെ സംസ്ഥാനത്തെ എല്ലാ വിഭാഗം തൊഴിലാളികളുടേയും സാമൂഹ്യ പരിരക്ഷയ്ക്കു വേണ്ടിയുള്ള സോഷ്യൽ ലെജിസ്ലേഷൻ നടപ്പിലാക്കുകയും അവർക്കെല്ലാം പ്രത്യേക ക്ഷേമനിധികൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ സമ്മേളനത്തിൽ ഗവർണ്ണർ നടത്തിയ നയപ്രഖ്യാപനപ്രസംഗത്തിൽ ക്ഷേമനിധികളില്ലാത്ത കുറേയേറെ വിഭാഗം തൊഴിലാളികൾക്ക് ക്ഷേമനിധികൾ രൂപീകരിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. കേരളത്തിൽ ഏതാണ്ട് ആറു ലക്ഷത്തോളം തൊഴിലാളികൾ ഹോട്ടലുകളുമായി ബന്ധപ്പെട്ട് പണി എടുക്കുന്നുണ്ട്. നാൽപ്പതിനായിരത്തോളം ഹോട്ടലുകളും റെസ്റ്റോറന്റുകളും തട്ടു കടകളും ആഹാരം പാചകം ചെയ്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്ന 'ഹോട്ടലുകൾ' എന്ന നിർവചനത്തിൽ വരുന്ന സ്ഥാപനങ്ങളായി നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ ആറുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. അവർ നരകതുല്യമായ ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. രാവിലെ 5 മണി മുതൽ രാത്രി 10 മണിവരെ ഏതാണ്ട് 17 മണിക്കൂർ പണിയെടുക്കേണ്ട തൊഴിലാളികളാണ് ഇവർ. അവർക്ക് പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം. അതൊരു സാമൂഹ്യനീതിയുടെ ഭാഗമാണ്. എല്ലാ വിഭാഗം തൊഴിലാളികൾക്കും കാലാകാലങ്ങളിൽ അധികാരത്തിൽ വരുന്ന ഭരണകൂടങ്ങൾ പ്രത്യേക ക്ഷേമനിധികൾ ഏർപ്പെടുത്തുന്ന സാഹചര്യത്തിൽ, കേരളത്തിലെ നാൽപ്പതിനായിരത്തോളം വരുന്ന ഹോട്ടലുകളിൽ പണിയെടുക്കുന്ന ആറു ലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക്, ഇതുവരെ ഒരു സാമൂഹ്യപരിരക്ഷയും ലഭിക്കാത്ത ഹോട്ടൽ തൊഴിലാളികൾക്ക്, ഒരു പ്രത്യേക ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കണം. അതിനുവേണ്ടിയുള്ള ഒരു നിയമനിർമ്മാണം നടത്താൻ സംസ്ഥാന ഗവൺമെൻറ് നടപടി സ്വീകരിക്കണമെന്ന ഉദ്ദേശത്തോടെയാണ്, അഭിലാഷത്തോടെയാണ് ഈ ബിൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

(ചർച്ച തുടരും)

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1996 മാർച്ച് മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ 12.15-ന് പിരിഞ്ഞു.)

അനുബന്ധം I

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8 (95) കാണുക]

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിതരണം ചെയ്ത വായ്പയുടെ വിവരം

ജില്ല തിരിച്ചുള്ള കണക്കുകൾ

ക്രമ നമ്പർ	ജില്ല	ചെലവഴിച്ച തുക (ലക്ഷത്തിൽ)
(1)	(2)	(3)
1.	തിരുവനന്തപുരം	189.804
2.	കൊല്ലം	61.684
3.	പത്തനംതിട്ട	25.143
4.	ആലപ്പുഴ	98.868
5.	കോട്ടയം	59.514
6.	ഇടുക്കി	32.509
7.	എറണാകുളം	51.157
8.	തൃശ്ശൂർ	17.892
9.	പാലക്കാട്	23.817
10.	മലപ്പുറം	25.215
11.	കോഴിക്കോട്	20.408
12.	വയനാട്	5.761
13.	കണ്ണൂർ	13.113
14.	കാസർഗോഡ്	6.853
	ആകെ	631.738

LIBRARY ARCHIVES Kerala Legislative Assembly